ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22-08-2024**

## പ്രധാനവാർത്തകൾ

1.) യുക്രൈൻ, പശ്ചിമേഷ്യൻ സംഘർഷങ്ങൾ നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണരൂപം മുദ്ര വച്ച കവറിൽ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി ഹൈക്കോടതി.

3) റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേസെടുക്കുന്ന കാര്യത്തിൽ, ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രവർത്തിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. കുറ്റകൃത്യങ്ങളുടെ പരമ്പര സർക്കാർ മറച്ചുവയ്ക്കാൻ ശ്രമിച്ചതായി ആരോപിച്ച് പ്രതിപക്ഷം.

4) കൊൽക്കത്തയിൽ വനിതാഡോക്ടർ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് സമരം ചെയ്യുന്ന ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിച്ച് സുപ്രീംകോടതി. പൊതുജനാരോഗ്യ സംവിധാനങ്ങളെ സമരം സാരമായി ബാധിച്ചതായും കോടതി.

5) കോളറ മരണം റിപ്പോർട്ട് ചെയ്ത വയനാട് നൂൽപ്പുഴയിൽ, പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

**<u>പ്രധാനമന്ത്രി പോളണ്ട്</u>**

യുക്രൈൻ, പശ്ചിമേഷ്യൻ സംഘർഷങ്ങൾ ആശങ്കപ്പെടുത്തുന്നതാണെന്നും, യുദ്ധത്തിലൂടെയല്ല പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് എന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. നയതന്ത്രചർച്ചകളിലൂടെ സമാധാനം പുനസ്ഥാപിക്കുന്നതിനെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നത്. സമാന ജനാധിപത്യ മൂല്യങ്ങളാണ് ഇന്ത്യ-പോളണ്ട് ബന്ധത്തിന് അടിസ്ഥാനമെന്നും പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

യുക്രൈനിലെ സംഘർഷമേഖലയിൽ നിന്നും 2022 ൽ ഇന്ത്യൻ വിദ്യാർത്ഥികളെ മടക്കിയെത്തിക്കാൻ പോളണ്ട് നൽകിയ സഹായത്തെയും അദ്ദേഹം അനുസ്മരിച്ചു. 2025 ൽ യൂറോപ്യൻ യൂണിയൻ നേതൃസ്ഥാനത്ത് പോളണ്ട് എത്തുന്നത് ഇന്ത്യ-ഇ.യു ബന്ധത്തിന് ശക്തിപകരുമെന്നും ശ്രീമോദി പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ പോളണ്ടിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപാണ് ലഭിച്ചത്. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ നാളെ യുക്രൈൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും.

RNU TVPM

**$$$$$$$$$$$$$$$$$$$$$$$$$$$**

**<u>ഹേമ കമ്മിറ്റി-ഹൈക്കോടതി</u>**

ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണരൂപം മുദ്ര വച്ച കവറിൽ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി ഹൈക്കോടതി. റിപ്പോർട്ടിൽ പറയുന്ന ലൈംഗിക പീഡനങ്ങളിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന പൊതു താത്പര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. റിപ്പോർട്ടിലുള്ളത് ഗുരുതര കണ്ടെത്തലുകളാണെന്ന് നിരീക്ഷിച്ച കോടതി, ഇത് സംബന്ധിച്ച് കേരള സർക്കാർ വിശദമായ സത്യവാങ്മൂലം സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടു. കേസിൽ സംസ്ഥാന വനിതാ കമ്മീഷനെ

കോടതി സ്വമേധയാ കക്ഷി ചേർത്തു. സ്വകാര്യത നിലനിർത്തുമെന്ന ഉറപ്പിന്മേലാണ് സാക്ഷികൾ കമ്മിറ്റിയ്ക്ക് മുന്നിൽ വിവരങ്ങൾ നൽകിയതെന്ന് സർക്കാർ കോടതിയെ അറിയിച്ചു. അടുത്ത മാസം 10 ന് കേസിൽ ഹൈക്കോടതി തുടർവാദം കേൾക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$

**<u>സജി ചെറിയാൻ പ്രതികരണം</u>**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹൈക്കോടതി ഇടപെടലിനെ സ്വാഗതം ചെയ്യുന്നതായും, കേസ് എടുക്കാൻ കോടതി നിർദ്ദേശിച്ചാൽ സർക്കാർ ഇതനുസരിച്ച് പ്രവർത്തിക്കുമെന്നും മന്ത്രി സജി ചെറിയാൻ. റിപ്പോർട്ടിലെ ക്രിമിനൽ ഭാഗമാണ് കോടതി പരിശോധിക്കുന്നത്. റിപ്പോർട്ടുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട കോൺക്ലേവ് നവംബറിൽ കൊച്ചിയിൽ സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ചലച്ചിത്രമേഖലയിലെ കാതലായ മാറ്റം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ ദേശീയ, അന്താരാഷ്ട്ര തലങ്ങളിൽ നിന്നുള്ള വിദഗ്ധരും, സംഘടനാ പ്രതിനിധികളും പങ്കെടുക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$

**<u>വി.ഡി സതീശൻ</u>**

ഇരകളെയും വേട്ടക്കാരെയും ഒന്നിച്ചിരുത്തിയുള്ള സിനിമ കോൺക്ലേവ് അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ഇരകൾ വീണ്ടും പരാതി നൽകണമെന്ന സർക്കാർ വാദം ധാർമ്മികമായും നിയമപരമായും തെറ്റാണെന്നും അദ്ദേഹം വിമർശിച്ചു. ക്രിമിനൽ കുറ്റകൃത്യങ്ങളുടെ പരമ്പര നടന്നുവെന്ന് അറിവ് കിട്ടിയിട്ടും നാലര വർഷമായി സർക്കാർ ഇക്കാര്യം മറച്ചുവച്ചത് കുറ്റകരമാണെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$

**<u>ഹേമ കമ്മിറ്റി റിപ്പോർട്ട്: വനിത കമ്മിഷൻ</u>**

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നിയമപരമായ സാധ്യത പരിശോധിച്ച് യുക്തമായ നിലപാട് സ്വീകരിക്കുമെന്ന് സംസ്ഥാന വനിത കമ്മിഷൻ അധ്യക്ഷ പി സതീദേവി. നിലവിലെ നിയമപ്രകാരം സ്വമേധയാ കേസെടുക്കാൻ സാധിക്കില്ലെന്നും, മൊഴികൾ നൽകിയവർ പരാതി നൽകാൻ മുന്നോട്ട് വരണമെന്നാണ് കമ്മീഷൻ നിലപാടെന്നും അവർ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

**<u>കൊൽക്കത്ത</u>**

കൊൽക്കത്ത മെഡിക്കൽ കോളേജിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൻറെ തത്സ്ഥിതി റിപ്പോർട്ട് സി.ബി.ഐ സുപ്രീംകോടതിയിൽ സമർപ്പിച്ചു. സംഭവത്തിൽ പ്രതിഷേധിച്ച് സമരം ചെയ്യുന്ന ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും, സമരം പൊതുജനാരോഗ്യ സംവിധാനങ്ങളെ സാരമായി ബാധിച്ചതായും കേസ് പരിഗണിച്ചുകൊണ്ട് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് വ്യക്തമാക്കി. ഇതേ തുടർന്ന് എയിംസിലെയും, ആർ.എം.എൽ ആശുപത്രിയിലേയും റസിഡൻറ് ഡോക്ടർമാർ സമരം പിൻവലിച്ചതായി അറിയിച്ചു. കേസിൽ, ആർ.ജി കർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ ആയിരുന്ന സന്ദീപ് ഘോഷിനെ ഇന്ന് സിബിഐ ചോദ്യം ചെയ്തു.

RIJU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

**<u>എൽ.മുരുഗൻ</u>**

അമൃത വിശ്വവിദ്യാപീഢം നാഗർകോവിൽ ക്യാമ്പസിൻറെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര വാർത്താ വിതരണ, പ്രക്ഷേപണ സഹമന്ത്രി എൽ.മുരുഗൻ പങ്കെടുത്തു. രാജ്യത്തിൻറെ വളർച്ചയിൽ അമൃത വിശ്വവിദ്യാപീഢം നിർണായക സംഭാവനകൾ നൽകുന്നതായി മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ, ഗവേഷണ മേഖലയിൽ ഉന്നത നിലവാരം പുലർത്താൻ സ്ഥാപനത്തിന് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

**<u>മുഖ്യമന്ത്രി</u>**

ദുരന്ത മുഖങ്ങളിൽ അഗ്നിരക്ഷാസേന നടത്തുന്ന പ്രവർത്തനം സ്തുത്യർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പെരിങ്ങോം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 2018ലെ പ്രളയ കാലത്തും കോവിഡിലും വയനാട് ഉരുൾപൊട്ടൽ മേഖലയിലും ഫയർഫോഴ്സ് സംഘം നടത്തിയ പ്രവർത്തനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

**$$$$$$$$$$$$$$$$$$$$$$$$$$$**

**<u>മന്ത്രി പി പ്രസാദ്</u>**

ഫലവൃക്ഷ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനത്ത് ഈ വർഷം 200 ക്ലസ്റ്ററുകൾ രൂപീകരിക്കുമെന്ന് മന്ത്രി പി പ്രസാദ്. ക്ലസ്റ്റർ അധിഷ്ഠിത ഫല വർഗ്ഗ കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. 1000 ഹെക്ടർ വിസ്തൃതിയിൽ 11 ഇനം ഫലവൃക്ഷ വിളകളുടെ കൃഷി വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

**$$$$$$$$$$$$$$$$$$$$$$$$$$$**

RNU TVPM

**<u>വയനാട് - കോളറ</u>**

കോളറ മരണം റിപ്പോർട്ട് ചെയ്ത വയനാട് നൂൽപ്പുഴയിൽ, ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും രോഗം നിയന്ത്രണ വിധേയമാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചു. 209 പേരാണ് നിലവിൽ നിരീക്ഷണത്തിലുള്ളത്. ബത്തേരി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലുള്ള പത്തു പേരിൽ ഒരാൾക്ക് കോളറ സ്ഥിരീകരിച്ചിട്ടുണ്ട്. കോളറ റിപ്പോർട്ട് ചെയ്ത തോട്ടാമൂല കണ്ടാണംകുന്ന് സങ്കേതമടക്കം മൂന്ന് പ്രദേശങ്ങൾ കണ്ടെയ്മെന്റ് സോണുകളാക്കി.

**$$$$$$$$$$$$$$$$$$$$$$$$$$$**

**<u>ആകാശവാണി - പ്രഭാഷണം</u>**

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75 ആം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര

ഞായറാഴ്ച കോട്ടയം പനമറ്റത്ത് നടക്കും. സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ കഥയരങ്ങിലും പ്രഭാഷണത്തിലും പങ്കെടുക്കും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ ചടങ്ങിൽ അധ്യക്ഷനാകും. 75-ആം വാർഷികത്തോടനുബന്ധിച്ച് വെള്ളനാട് ഇന്ന് സംഘടിപ്പിച്ച പോഷകാഹാര സെമിനാർ പ്രശസ്ത സാഹിത്യകാരി റോസ് മേരി ഉദ്ഘാടനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$$$$

## ശ്രീജേഷിന് സ്വീകരണം നൽകും

പാരീസ് ഒളിമ്പിക്സിൽ ഉൾപ്പെടെ തുടർച്ചയായി രണ്ട് ഒളിമ്പിക് മെഡലുകൾ കരസ്ഥമാക്കിയ ഹോക്കി താരം പി.ആർ. ശ്രീജേഷിന് തിങ്കളാഴ്ച തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ പങ്കെടുക്കും.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$

## അയ്യൻകാളി ജയന്തി

കേരള നവോത്ഥാന നായകനായിരുന്ന അയ്യൻകാളിയുടെ 161-ആം ജന്മദിനത്തോട് അനുബന്ധിച്ച് ഈ മാസം 28 ന് തിരുവനന്തപുരത്ത് അയ്യൻകാളി അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. മന്ത്രി ഒ ആർ കേളു സമ്മേളനം ഉദ്ഘാടനം ചെയ്യും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ രാവിലെ പുഷ്പാർച്ചനയും നടക്കും.

$$$$$$$$$$$$$$$$$$$$$$$$$$$

## കെ സുരേന്ദ്രൻ

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ ചൂരൽമല മുണ്ടക്കൈ പ്രദേശത്തെ താത്കാലിക പുനരധിവാസം പരാജയമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. നിരുത്തരവാദിത്തപരമായ പ്രവർത്തനമാണ്

സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്നും അദ്ദേഹം കൽപ്പറ്റയിൽ ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$

**ഇടുക്കി - പ്രതിഷേധം**

ഇടുക്കി ജില്ലയിൽ, ഗുണനിലവാരമില്ലാത്ത ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തെന്ന പരാതിയിൽ ആദിവാസി ഊരു മൂപ്പന്മാരുടെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. ജില്ലാ പട്ടികവർഗ്ഗ ഓഫീസിൽ എത്തിയായിരുന്നു പ്രതിഷേധം. വെണ്ണിയാനി, മൂലക്കാട്, പൂച്ചപ്ര, കരിപ്പിലങ്ങാട് തുടങ്ങിയ ഊരുകളിൽ വിതരണം ചെയ്ത സാധനങ്ങൾ തിരിച്ചേൽപ്പിച്ചു. നിരോധിച്ച വെളിച്ചെണ്ണ ഉൾപ്പെടെ ഉള്ള വസ്തുക്കൾ വിതരണം ചെയ്തതായും ലൈസൻസ് ഇല്ലാത്ത ഏജൻസിക്ക് വിതരണാനുമതി നൽകിയെന്നുമാണ് ആരോപണം.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

**ആറന്മുള-ആചാര ജലമേള.**

ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിനമായ ഇന്ന് ആചാരങ്ങൾ പാലിച്ച് ഉത്രട്ടാതി ആചാര ജലമേള നടന്നു.ഇക്കുറി കന്നിമാസത്തിലെ ഉതൃട്ടാതി നാളായ സെപ്റ്റംബർ 18ന് ആറൻമുള വള്ളംകളി നടക്കുന്നതിനാലാണ് ആചാരം നിലനിർത്താൻ 26 പള്ളിയോടങ്ങൾ ഇന്ന് ജലമേള നടത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$$

**മഴ**

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$

**ഓഹരിവിപണി**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 147 പോയിന്റ് ഉയർന്ന് 81,053 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 41 പോയിന്റ് ഉയർന്ന് 24,811 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$
$$$$$$$

RNU TVPM